**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3312** **11-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം -കളമച്ചൽ ഗവ. ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കളമച്ചൽ ഗവ. ഐ.ടി.ഐ. കെട്ടിടത്തിന്റെ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കാൻ ഉള്ളത് എന്ന് വിശദമാക്കാമോ; | (എ) | വാമനപുരം ഐ.ടി.ഐ.-യുടെ കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമാണത്തിൽ 80% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളിൽ 3 ഫേസ് ഇലക്ട്രിഫിക്കേഷൻ, ജനാലകളുടേയും വെന്റിലേറ്ററുകളുടേയും കട്ടിളകളും പാളികളും, വാതിലുകളുടെ ഡോറുകൾ, പെയിന്റിംഗ്, പ്ലംബിംഗ് & സാനിറ്ററി വർക്ക്, സെപ്റ്റിക് ടാങ്ക്, സോളിഡ് ബ്ളോക് വർക്ക്, ഗ്രൗണ്ട് ഫ്ലോർ ഫിനിഷിംഗ്-വിട്രിഫൈഡ് ഫ്ളോറിംഗ്, ബാത്ത് റൂം വാൾ ടൈലിംഗ്, ക്ലീനിംഗ് തുടങ്ങിയവയാണ് ഇനി പൂർത്തീകരിക്കാനുള്ളത്. |
| (ബി) | എത്ര തുകയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇതേവരെ അനുവദിച്ചിട്ടുള്ളതെന്നും ബാക്കി പ്രവൃത്തിക്ക് തുക അനുവദിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ; | (ബി) | വാമനപുരം ഐ.ടി.ഐ-യുടെ കെട്ടിട നിർമ്മാണത്തിന് വേണ്ടി 3 കോടി രൂപയുടെ ഭരണാനുമതിയാണ് (ഒന്നാം ഘട്ട നിർമ്മാണം) 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്നത്. രണ്ടാം ഘട്ടമായി ഗ്രൗണ്ട് ഫ്ലോർ ഫിനിഷിംഗ് വർക്ക് പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് നൽകിയിരുന്നു. എന്നാൽ രണ്ടാം ഘട്ട ഗ്രൗണ്ട് ഫ്ലോർ ഫിനിഷിംഗ് വർക്ക് പൂർത്തീകരിക്കുന്നതിന് ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ മിക്ക പ്രവൃത്തികളും, ഒന്നാം ഘട്ടത്തിനായി ഭരണാനുമതി ലഭിച്ച 3 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതായിരുന്നതിനാൽ 4 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് (ഫിനിഷിംഗ് വർക്ക് ഉൾപ്പെടെ), comparative statement എന്നിവ പൊതുമരാമത്ത് വകുപ്പിൽ നിന്നും പുതുക്കിയ ഭരണാനുമതിയ്ക്കായി ലഭ്യമാക്കണമെന്ന് സ്റ്റേറ്റ് സിവിൽ വർക്ക് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 4 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പൊതുമരാമത്ത് വകുപ്പ് മുഖാന്തിരമുള്ള പ്രസ്തുത കെട്ടിടനിർമ്മാണം എന്ന് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ? | (സി) | വാമനപുരം ഐ.ടി.ഐ-യുടെ കെട്ടിട നിർമ്മാണത്തിന് വേണ്ടി 3 കോടി രൂപയുടെ ഭരണാനുമതിയാണ് (ഒന്നാം ഘട്ട നിർമ്മാണം) 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്നത്. രണ്ടാം ഘട്ടമായി ഗ്രൗണ്ട് ഫ്ലോർ ഫിനിഷിംഗ് വർക്ക് പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് നൽകിയിരുന്നു. എന്നാൽ രണ്ടാം ഘട്ട ഗ്രൗണ്ട് ഫ്ലോർ ഫിനിഷിംഗ് വർക്ക് പൂർത്തീകരിക്കുന്നതിന് ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ മിക്ക പ്രവൃത്തികളും, ഒന്നാം ഘട്ടത്തിനായി ഭരണാനുമതി ലഭിച്ച 3 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതായിരുന്നതിനാൽ 4 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് (ഫിനിഷിംഗ് വർക്ക് ഉൾപ്പെടെ), comparative statement എന്നിവ പൊതുമരാമത്ത് വകുപ്പിൽ നിന്നും പുതുക്കിയ ഭരണാനുമതിയ്ക്കായി ലഭ്യമാക്കണമെന്ന് സ്റ്റേറ്റ് സിവിൽ വർക്ക്സ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 4 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ